(ഡി) അവയിൽ കെട്ടിവിടുന്ന പദ്ധതികൾ പിഴവുകളെന്നും അപൂർണ്ണമായതിനാലും ഉപയോഗശൂന്യമായതിനാലും ഉപേക്ഷിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ ക്ഷേമത്തിനായി 2011-12 വർഷം മുതൽ 2015-16 വരെയുള്ള വർഷം വരെ പുതുക്കിയ പ്ലാൻ പദ്ധതിയിൽ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരം വർഷം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) വിവരം ശേഖരിച്ചു വരികയാണ്.

(സി&ഡി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അധികാരപരിധിയിൽ വരുന്നവ പദ്ധതികളില്ല.

ഭാരത ദർശൻ യാത്ര

265 (3428) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി ബൽറാം : താഴെ കാണുന്ന വിഭാഗങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും ഗുണനിലവാരവും കാര്യക്ഷമവുമായ പ്രവർത്തനങ്ങളും വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ :

(എ) ഗുണഭോക്തൃ കേന്ദ്രിത ഭാരത ദർശൻ യാത്രയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) പ്രസ്തുത യാത്രയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഇതിനായി ആരെയൊക്കെയാണ് തെരഞ്ഞെടുക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) എന്തൊക്കെ കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ശരി.

1. പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെട്ട ഭാരത് ദർശൻ യാത്രയാണ് ആസൂത്രണം ചെയ്തിരുന്നത്. ഇതിന് കേരളത്തിലെ മുഴുവൻ ട്രൈബൽ ക്ലസ്റ്റുകളിൽ നിന്നുള്ള ഗുണഭോക്തൃ പ്രതിനിധികളെയാണ് പ്രധാനമായും തിരഞ്ഞെടുത്തിട്ടുള്ളത്. അതോടൊപ്പം വനസംരക്ഷണ കമ്മിറ്റികളിൽ, സ്വാശ്രയസംഘം, ഗുണഭോക്തൃ കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവരെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

* ഇംഗ്ലീഷിൽ വായിച്ചതിന്.

997/18

LIBRARY ARCHIVES Kerala Legislative Assembly

2. രണ്ടാമതായി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള യാത്രയാണ് എസ്.റ്റി. ഭാരത് ദർശൻ യാത്ര. പട്ടികവർഗ്ഗത്തിൽപ്പെട്ട 18-നും 40-നും മദ്ധ്യേ പ്രായമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുള്ള യാത്രയാണ് പട്ടികവർഗ്ഗ ഭാരതദർശൻ.

(ബി) കേരളത്തിലെ തെരഞ്ഞെടുക്കപ്പെടുന്ന യുവാക്കൾക്ക് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുവാനും വിവിധ ഭാഷാ സംസ്കാരങ്ങൾ, ആചാരങ്ങൾ, കലാരൂപങ്ങൾ എന്നിവ നേരിട്ട് മനസ്സിലാക്കുന്നതിനും വേണ്ടിയാണ് ഭാരതദർശൻ യാത്ര സംഘടിപ്പിക്കുന്നത്. ജനറൽ വിഭാഗങ്ങൾക്കുള്ള ഭാരത്ദർശൻ യാത്രയ്ക്കായി യൂത്ത് ക്ലബ്ബുകളിൽ നിന്നുള്ള യുവജന പ്രവർത്തകർ, കേരളോത്സവ വിജയികൾ, യൂത്ത് അവാർഡ് ജേതാക്കൾ, ദേശീയ യുവോത്സവ വിജയികൾ എന്നിവരിൽ നിന്നുമാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.

രണ്ടാമത്തെ ഭാരതദർശനിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 18-നും 40-നും മദ്ധ്യേ പ്രായമുള്ള ജനപ്രതിനിധികളെയാണ് തെരഞ്ഞെടുക്കുന്നത്.

(സി) 1. ജനറൽ കാറ്റഗറിയിലുള്ള ഭാരതദർശൻ 2013 ഫെബ്രുവരി 20-ന് തിരുവനന്തപുരത്ത് നിന്ന് ട്രെയിൻ യാത്ര ആരംഭിച്ച് ഗോവ, അഹമ്മദാബാദ്, ജോധ്പൂർ, ജയ്പൂർ, ഉദയ്പൂർ, ഹൈദ്രാബാദ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് 2013 മാർച്ച് 6 ന് തിരുവനന്തപുരത്ത് തിരിച്ചെത്തി. ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് & ടൂറിസം കോർപ്പറേഷൻ ലിമിറ്റഡ് വഴിയാണ് യാത്രാപരിപാടി സംഘടിപ്പിച്ചത്.

2. ആദ്യ പട്ടികവർഗ്ഗ ഭാരതദർശൻ 2013 നവംബർ 22 മുതൽ 26 വരെ സംഘടിപ്പിച്ചു. 22-ാം തീയതി കോഴിക്കോട് നിന്ന് വിമാനമാർഗ്ഗം ഡൽഹിയിലെത്തുകയും തുടർന്ന് ഡൽഹിയിലെ വിവിധ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ചു. തുടർന്ന് അമൃത്സർ, വാഗാ ബോർഡർ തുടങ്ങിയ സ്ഥലങ്ങളും സന്ദർശിച്ചശേഷം 26-ാം തീയതി തിരുവനന്തപുരത്ത് തിരിച്ചെത്തി.

3. രണ്ടാമത് പട്ടികവർഗ്ഗ ഭാരതദർശൻ 2014 നവംബർ 19 മുതൽ 25 വരെയാണ് സംഘടിപ്പിച്ചത്. ഈ യാത്രാ പരിപാടിയുടെ ഭാഗമായി കൽപ്പറ്റ, കാഞ്ഞങ്ങാട് എന്നിവിടങ്ങളിലെ വിവിധ സ്ഥലങ്ങളാണ് സന്ദർശിച്ചത്.

യുവജനക്ഷേമ ബോർഡിന്റെ പരീക്ഷ പരിശീലന പരിപാടി

266 (3429) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവകുപ്പുകളും കൈകാര്യം ചെയ്യുന്ന മന്ത്രി സഭയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly